ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോമ്പ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

വളരെ അടിയന്തരം

ഇ8/2210/2015/സിഇ/എൽ.എസ്.ജി.ഡി തീയതി 21/08/2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് - ടെക്നിക്കൽ വിഭാഗം ജീവനക്കാരുടെ ഇൻക്യുബൻസി - സംബന്ധിച്ച്

സൂചന:- 24/08/2017 തീയതി ചേരുന്ന എക്സിക്യുട്ടീവ് എഞ്ചിനീയർമാരുടെ യോഗം

*********

തദ്ദേശസ്വയം ഭരണ (സാങ്കേതിക വിഭാഗം) വകുപ്പ് സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് വേണ്ടി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധം III (A/B/C/D) പൂരിപ്പിച്ച് നൽകേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമ പഞ്ചായത്ത് അടക്കമുള്ള ഓഫീസുകളിലെ ജീവനക്കാരുടെ വിവരങ്ങൾ പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്രോഡീകരിച്ച് അനുബന്ധം III ൽ നൽകിയിരിക്കുന്ന പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും, ടി പ്രൊഫോർമ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ പെൻഡ്രൈവിൽ സോഫ്റ്റ് കോപ്പിയായി (Ms.Excel) മാത്രം, 24/08/2017 ൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ചേരുന്ന യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

ടി പ്രൊഫോർമ (Ms. Excel) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ടി ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഡി.ഡി.ഒ എന്ന നിലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കൈവശം ഉണ്ടാകുമെന്നതിനാൽ ടി പ്രൊഫോർമയുടെ സോഫ്റ്റ് കോപ്പി ലഭ്യമാക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്താൻ പാടുള്ളതല്ല.

മുനിസിപ്പാലിറ്റികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് ദക്ഷിണ/ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപറേഷനുകളിലെ വിവരങ്ങൾ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ക്രോഡീകരിച്ച് വേണ്ട ഭേദഗതി വരുത്തി നൽകേണ്ടതാണ്.

ഉള്ളടക്കം:-
1. പ്രൊഫോർമ III (D) - ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്
2. പ്രൊഫോർമ III (C) - ജില്ലാ പഞ്ചായത്ത്
3. പ്രൊഫോർമ III (B) - ദക്ഷിണ/ഉത്തര മേഖലാ
4. പ്രൊഫോർമ III (A) - കോർപറേഷൻ

ചീഫ് എഞ്ചിനീയർ

എൻ.പി/-